**പതിനഞ്ചാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ഡിസംബർ 08, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

12 (*91) സ്ത്രീസൗഹൃദ വിനോദസഞ്ചാരം

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും സ്ത്രീ യാത്രികരും സ്ത്രീ സംരംഭകരുമായ ഒന്നര ലക്ഷം സ്ത്രീകളെ ഉൾപ്പെടുത്തി വിപുലമായ സ്ത്രീ സൗഹൃദ വിനോദസഞ്ചാര ശൃംഖല രൂപപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഏകാന്ത സ്ത്രീ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള സ്ത്രീ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ

ഏർപ്പെടുത്തുന്നുണ്ടെന്നും ടൂറിസം ഡെസ്റ്റിനേഷനുകളിൽ നടപ്പാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് പഠനം നടത്തി വിപുലമായ സംവിധാനങ്ങൾ ഒരുക്കുമെന്നും സഭയെ അറിയിച്ചു. ആയിരത്തോളം സ്ത്രീകൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 400 പേർക്ക് ഓൺലൈൻ പരിശീലനം നൽകിയിട്ടുണ്ടെന്നും കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് സുരക്ഷിതവും ശുചിത്വവുമുള്ള സ്ഥലങ്ങൾ, വനിതായൂണിറ്റുകളുടെ ശൃംഖല, സ്ത്രീസൗഹാർദ്ദ വിനോദസഞ്ചാരം അടിസ്ഥാനമാക്കിയുള്ള ടൂറിസം കേന്ദ്രങ്ങൾ, ടൂവീലർ സഞ്ചാര സംരംഭങ്ങൾ, സാഹസിക സഞ്ചാര സംരംഭങ്ങൾ, ഹോംസ്റ്റേ നെറ്റ്‌വർക്കുകൾ എന്നിവ നടപ്പാക്കുന്നതാണ്. പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിലടക്കം സ്ത്രീകൾക്കായി പ്രത്യേക താമസസൗകര്യം അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണെന്നും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ടെന്നും കൂടുതൽ പോലീസുകാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വനിതാ ടൂറിസം പോലീസുകാരെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് സുരക്ഷാചുമതല നൽകിയിട്ടുണ്ടെന്നും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും അറിയിച്ചു. ശുചിത്വമാർന്ന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിപാലനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതാണ്. അഞ്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടന്നുവരുന്നുണ്ട്. വിനോദസഞ്ചാരമേഖല 2021-22-ൽ 120 ശതമാനം  വളർച്ച കൈവരിക്കുകയും ഈ വർഷം ആദ്യ മൂന്ന് പാദങ്ങളിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് വളർച്ച നേടുകയും ചെയ്തിട്ടുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ സ്പെഷ്യൽ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിച്ച് വിദേശ സഞ്ചാരികളെയെത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നുണ്ടെന്നും ലണ്ടനിൽ ആരംഭിച്ച മാതൃകയിൽ മറ്റ് രാജ്യങ്ങളിലും ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുമെന്നും ബീച്ച് ടൂറിസം പദ്ധതി വികസിപ്പിക്കുമെന്നും സർക്കാർ മേഖലയിലെ ആദ്യ സർഫിംഗ് സ്കൂൾ കോഴിക്കോട് സ്ഥാപിച്ചതായും കോഴിക്കോട് മാതൃകയിൽ തീരപ്രദേശമുള്ള എട്ട് ജില്ലകളിൽക്കൂടി കടലിന് കുറുകെ പാലം നിർമ്മിക്കുന്നതാണെന്നും വന-മലയോരമേഖലയുമായി

ബന്ധപ്പെട്ടുള്ള വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*92) <u>ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള റോഡ് നിർമ്മാണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കാലാവസ്ഥാ വ്യതിയാനം പൊതുമരാമത്ത് പ്രവൃത്തികളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കുന്നതുസംബന്ധിച്ച് ചർച്ച ചെയ്യാനായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച നാഷണൽ കോൺഫറൻസിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണെന്നും കേരളത്തിന്റെ ഭൂപ്രകൃതി, മഴയുടെ പാറ്റേൺ തുടങ്ങിയവ പരിശോധിച്ച് അനുയോജ്യമായ നിർമ്മാണ രീതികൾ കണ്ടെത്തുന്നതാണെന്നും സഭയെ അറിയിച്ചു. ആധുനിക സാങ്കേതിക വിദ്യകളിലൂടെ ദീർഘകാലം ഈട്ടുനിൽക്കുന്ന ഡിസൈൻഡ് റോഡുകളും ബി.എം.-ബി.സി. നിലവാരത്തിലുള്ള റോഡുകളും നിർമ്മിക്കുന്നതാണെന്നും റോഡുകളുടെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകൾ സംരക്ഷിക്കുന്നതിനും കയർ, സിന്തറ്റിക്ക് ഭൂവസ്ത്രങ്ങൾ, ഗാബിയോൺ

റീട്ടെയ്നിംഗ് വാൾ എന്നിവ ഉപയോഗിച്ചുവരുന്നുണ്ടെന്നും കാലാവസ്ഥയ്ക്കനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റീട്ടെയ്നിംഗ് റോഡ് നിർമ്മാണം നടത്തുന്നുണ്ടെന്നും അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റിസൈക്ലിംഗ് ഉപയോഗിച്ച് ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ടെന്നും വ്യക്തമാക്കി. നിരന്തരമായി റോഡുകൾ തകരുന്നതിനുള്ള കാരണം പഠനവിധേയമാക്കി ശാശ്വത പരിഹാരം കാണുന്നതാണ്. വെള്ളക്കെട്ടുമൂലം റോഡുകൾ തകരുന്നത് ഒഴിവാക്കാൻ ഡ്രെയിനേജുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അനുയോജ്യമായ ഡിസൈനിലൂടെ റോഡ് നിർമ്മിക്കുന്നതുമൂലം കാലാവസ്ഥ, വാഹനപ്പെരുപ്പം എന്നിവമൂലമുള്ള സമ്മർദ്ദങ്ങൾ അതിജീവിക്കാൻ സാധിക്കുമെന്നും ഡിസൈൻ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കിയിട്ടുണ്ടെന്നും നിർമ്മാണ സമയത്തുതന്നെ റോഡിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഓട്ടോമാറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും ഗുണനിലവാര പരിശോധന മെച്ചപ്പെടുത്തുന്നതിന് ഹൈടെക് ലാബ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണെന്നും എല്ലാ ജില്ലകളിലും മിനി മൊബൈൽ യൂണിറ്റുകൾ സജ്ജമാക്കുന്നതാണെന്നും മന്ത്രി

അറിയിച്ചു. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് സ്പെഷ്യൽ ചെക്കിംഗ് ടീം പരിശോധിച്ചുവരുന്നുണ്ട്. മികച്ച രീതിയിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാർക്ക് ബോണസ് അനുവദിക്കുമെന്നും ബിൽ പേമെന്റ് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേഷൻ സംബന്ധിച്ച വ്യവസ്ഥ എസ്.ബി.ഡി.യിൽ ഉൾപ്പെടുത്തുന്നതാണെന്നും പ്രവൃത്തി ഏറ്റെടുത്തശേഷം പൂർത്തീകരിക്കാതെ പോകുന്ന കരാറുകാർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതാണെന്നും പൊതുമരാമത്ത് ഉദ്യോഗസ്ഥർ നേരിട്ടുപോയി റോഡുകൾ പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ ഡിസൈൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*93) <u>സിൽവർലൈൻ പദ്ധതി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>) നൽകിയ മറുപടിയിൽ, സിൽവർലൈൻ പദ്ധതിക്കുള്ള സാമൂഹികാഘാത പഠനം എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ ഏജൻസികളെ ചുമതലപ്പെടുത്തി പഠനം

പൂർത്തിയാക്കുന്നതിന് 4(1) പ്രകാരം പുനർവിജ്ഞാപനം ചെയ്യണമെന്ന് കെ.ആർ.ഡി.സി.എൽ. മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടതായും റെയിൽവേ ബോർഡിന്റെ അന്തിമാനുമതി ലഭിച്ചശേഷം പുനർവിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും സഭയെ അറിയിച്ചു. പദ്ധതിക്ക് അന്തിമാനുമതി ലഭ്യമാകാത്തതിനാൽ സാമൂഹികാഘാത പഠന നടപടികൾക്ക് നിയോഗിച്ച 205 ജീവനക്കാരെ ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് താൽക്കാലികമായി നിയോഗിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. സാമൂഹികാഘാത പഠനത്തിനാണ് കല്ലിടൽ ആരംഭിച്ചതെന്നും ഭൂമിയേറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടില്ലെന്നും കേന്ദ്രസർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരത്തിന് വിധേയമായി സാമൂഹികാഘാത പഠനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 8,52,91,852 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 4(1) വിജ്ഞാപനത്തിന്റെ പേരിൽ ഭൂമി ക്രയവിക്രയം ചെയ്യുന്നതിനോ പണയം വയ്ക്കുന്നതിനോ തടസ്സമില്ലെന്നും കരം അടയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് തടസ്സവാദം ഉന്നയിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15 (*94) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, സ്മാർട്ട് കാർഡ് വിതരണം, രജിസ്ട്രേഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവ നടപ്പിലാക്കിയിട്ടുണ്ടെന്നും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ പ്രാപ്തമാക്കുന്നതിന് പ്രൈവറ്റ് ജോബ് പോർട്ടലും പ്രവാസികൾക്കായി വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും നടപ്പിലാക്കുന്നതാണെന്നും സഭയെ അറിയിച്ചു. 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നതായും ഇടുക്കിയിൽ എംപ്ലോയബിലിറ്റി സെന്ററിന്റെ നിർമ്മാണപ്രവർത്തനം നടന്നു വരുന്നതായും മന്ത്രി വ്യക്തമാക്കി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ പി.എസ്.സി.യിലോ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം വകുപ്പുമേധാവികൾക്ക് നൽകിയിട്ടുണ്ടെന്നും അല്ലാത്തപക്ഷം കർശന നടപടി സ്വീകരിക്കുന്നതാണെന്നും 2016 മേയ് മുതൽ 2021 മേയ് വരെ 55352

പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ടെന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുൾപ്പെടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ഒരാഴ്ചയ്ക്കുള്ളിൽ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.